"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - തിരുവനന്തപുരം ജില്ലയിലെ വട്ടിയൂർക്കാവ് ഗ്രാമപഞ്ചായത്ത്- പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിന്നും വിരമിച്ച ശ്രീമതി.സുശീലയ്ക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കാൻ തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയും ടിയാരിയുടെ സേവന കാലയളവ് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിലാണെന്ന് സാധൂകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.193/2023/LSGD തീയതി,തിരുവനന്തപുരം, 23-01-2023

---

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 27.12.2022 തിയതിയിലെ PAN/10054/2021-E9(DP) നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ വട്ടിയൂർക്കാവ് ഗ്രാമപഞ്ചായത്തിൽ 26.07.2001 ൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി. സുശീല വട്ടിയൂർക്കാവ് സോണൽ ഓഫീസിൽ നിന്നും 31/01/2020 ന് വിരമിച്ചു. പാർട്ട് ടൈം സ്വീപ്പർ ശ്രീമതി.സുശീലയ്ക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ മുഖേന തുടർ നടപടി സ്വീകരിക്കാവുന്നതാണെന്ന് കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് നിർദ്ദേശം നൽകുകയുണ്ടായി. അതിൻ പ്രകാരം ടിയാരിക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി 01/04/2011 മുതൽ 31/01/2020 വരെയുള്ള വട്ടിയൂർക്കാവ് സോണൽ ഓഫീസിലെ ടിയാരിയുടെ സേവന കാലയളവ് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിലാണെന്നുള്ള സാധൂകരണം നൽകണമെന്നും, പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവ് ലഭ്യമാക്കണമെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം പ്രകാരം സർക്കാരിനോട് അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. സുശീലയെ പഞ്ചായത്ത് വകുപ്പിലേക്കോ, നഗരസഭയിലേക്കോ ആഗിരണം ചെയ്തിട്ടില്ലാത്തതിനാലും 31/01/2020-ന് വിരമിച്ച ടിയാരിക്ക് പെൻഷൻ ആനുകൂല്യങ്ങൾ അടിയന്തരമായി അനുവദിക്കേണ്ടതുള്ളതിനാലും 01/04/2011 മുതൽ 31/01/2020 വരെയുള്ള വട്ടിയൂർക്കാവ് സോണൽ ഓഫീസിലെ ടിയാരിയുടെ സേവന കാലയളവ് പഞ്ചായത്ത് വകുപ്പിൽ നിന്നുള്ള വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിലാണെന്ന് സാധൂകരിച്ചുകൊണ്ടും ടിയാരിയുടെ പെൻഷൻ ആനുകൂല്യങ്ങൾ പഞ്ചായത്ത് വകുപ്പിൽ നിന്നും അനുവദിക്കുന്നതിന് തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് (റൂറൽ) , തിരുവനന്തപുരം.

ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് (അർബൻ) , തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം ജില്ല (ഡയറക്ടർ.തദ്ദേശസ്വയംഭരണവകുപ്പ് (റൂറൽ) മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ധനകാര്യ വകുപ്പ് (E:2317238 DEV-3/6/2023-FIN തീയതി 20.01.2023)

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/1/2023-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by

Danuja M S

സെക്ഷൻ ഓഫീസർ

Date: 23-01-2023 16:21:34